**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2313** **03-03-2025 - ൽ മറുപടിയ്ക്ക്**

**കായൽ മലിനീകരണം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പി. ഉബൈദുള്ള , പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കായലുകളിലേക്ക് വ്യാപകമായി ശുചിമുറി മാലിന്യവും അഴുക്കുജലവും ഒഴുക്കി വിട്ട് കായലുകൾ മലിനമാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സെപ്റ്റേജ് മാലിന്യം ഒഴുക്കി വിടുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശ തല വിജിലൻസ് സ്ക്വാഡുകൾ, IVO സ്ക്വാഡുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ ശക്തിപ്പെടുത്തുക, സെപ്റ്റേജ് മാലിന്യം ഒഴുക്കി വിടുന്നതിൽ ഉൾപ്പെട്ട വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യം തോടുകളിലും കായലുകളിലും നിക്ഷേപിക്കുന്നത് കേരള മുനിസിപ്പാലിറ്റി ആക്റ്റ് 340 A, കേരള പഞ്ചായത്തീ രാജ് ആക്റ്റ് 219 S എന്നീ വകുപ്പുകൾ പ്രകാരം 50,000/- രൂപ വരെ പിഴയും ഒരു വർഷം വരെ തടവും ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. |
| (ബി) | ഇത്തരത്തിൽ കായലുകൾ മലിനമാകുന്നത് ലക്ഷക്കണക്കിന് ആളുകളുടെ ഉപജീവന മാർഗ്ഗത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കായലുകളുടെ ആവാസവ്യവസ്ഥ നിലനിർത്തുന്നതിനും കയ്യേറ്റവും മലിനീകരണവും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | ജലാശയ സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>• മാലിന്യമുക്തം നവകേരളം , തെളിനീരൊഴുകും നവകേരളം, വലിച്ചെറിയൽ മുക്തം എന്നീ ക്യാമ്പയിൻ പ്രവർത്തനങ്ങൾ , IEC പ്രവർത്തനങ്ങൾ<br>• 2024-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഭേദഗതി, 2024 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഭേദഗതി എന്നിവ പ്രകാരമുള്ള നിയമ / ശിക്ഷണ നടപടികൾ<br>• എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തൽ. |

- മാലിന്യ ശേഖരണം, ട്രാൻസ്പോർട്ടേഷൻ , ലിഫ്റ്റിംഗ്, ഫോർവേഡ് ലിങ്കേജ് എന്നിവയുടെ ഹരിത മിത്രം അപ്ലിക്കേഷനിലൂടെയുള്ള നിരീക്ഷണം.
- മാലിന്യ നിക്ഷേപവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ പൊതു ജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സിംഗിൾ വാട്സ് ആപ്പ് നമ്പർ (9446700800) സംവിധാനവും ആയത് സ്റ്റേറ്റ് കൺട്രോൾ റൂമിലൂടെ മോണിട്ടർ ചെയ്ത് പരാതികൾ പരിഹരിക്കൽ
- മാലിന്യ നിക്ഷേപവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പൊതുജനങ്ങൾക്ക് പാരിതോഷികം നൽകുന്നതിനുള്ള സംവിധാനം
- ജലാശയങ്ങളിൽ കക്കൂസ് മാലിന്യം ഒഴുക്കിവിടുന്നത് നിമിത്തം ഉണ്ടാകുന്ന മലിനീകരണം തടയുന്നതിനായി കമ്മ്യൂണിറ്റിതലത്തിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കൽ . നിലവിൽ 8 സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും 4 ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും പ്രവർത്തനക്ഷമമായിട്ടുണ്ട്. കൂടാതെ 4 സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും 4 ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും പ്രവർത്തികൾ നിർമ്മാണ ഘട്ടത്തിലാണ്. കൂടാതെ 5 FSTP പദ്ധതികൾ ആരംഭ ഘട്ടത്തിലുമാണ്.
- ദ്രവ മാലിന്യ സംസ്കരണത്തിനായി Sewage Treatment Plant (STP), Effluent Treatment Plant (ETP), Grey Water Treatment Plant (GWTP) മുതലായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കി വരുന്നു.
- കക്കൂസ് മാലിന്യ സംസ്കരണത്തിനായി വാഷ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് 7 തദ്ദേശസ്ഥാപനങ്ങളിൽ ഉപയോഗിച്ച് വരുന്നു.
- സ്ഥല ലഭ്യത കുറവുള്ള സ്ഥലങ്ങളിൽ ഭൂഗർഭ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതികൾ DBOT മാതൃകയിൽ നടപ്പിലാക്കുന്നതിന് ഇമ്പാക്ട് കേരള ലിമിറ്റഡിന് അനുവാദം നൽകിയിട്ടുണ്ട് .
- സംസ്ഥാനത്തെ പ്രധാന കായലുകളായ അഷ്ടമുടി , വേമ്പനാട് കായൽ മലിനീകരണം സംബന്ധിച്ച് , കായലുകളുമായി അതിർത്തി

| | | | | |
|---|---|---|---|---|
| | | | | പങ്കിടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി മലിനീകരണം തടയുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും ആയത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ STP / FSTP, സാനിട്ടറി വേസ്റ്റ് ഇൻസിനറേറ്റർ, ആർ.ഡി.എഫ് പ്ലാന്റുകൾ തുടങ്ങിയ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു<br>• കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന്റെയും (209 സ്റ്റേഷനുകൾ) സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന്റെയും (135 സ്റ്റേഷനുകൾ) ഭാഗമായി കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി 344 സ്റ്റേഷനുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തി വരുന്നു. ഇവയിൽ 21 NWMP സ്റ്റേഷനുകളും 26 SWMP സ്റ്റേഷനുകളും കായലുകളിലാണ്. ആയവയിൽ മലിനീകരണ നിയന്ത്രണ ബോർഡ് മാസം തോറും പരിശോധന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ